## പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 637 24/01/2018-ൽ മറുപടിക്ക്

### എരമല്ലൂർ കേന്ദ്രമാക്കി വൈദ്യുതി സെക്ഷൻ ഓഫീസ് തുടങ്ങുവാൻ നടപടി

| | ചോദ്യം<br>ശ്രീ.എ.എം. ആരിഫ് | | ഉത്തരം<br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | വൈദ്യുതി ബോർഡ് അംഗീകരിച്ചിട്ടുള്ള മാനദണ്ഡ പ്രകാരം എത്ര ഉപഭോക്താക്കൾ വരെയാണ് ഒരു സെക്ഷൻ ഓഫീസ് പരിധിയിൽ ആകാവുന്നത്; | (എ) | സെക്ഷൻ ഓഫീസിന്റെ നിലവിലുള്ള പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുതലായിരിക്കേ ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ, അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുതലായിരിക്കേ ഉപഭോക്താക്കൾ 20000-ൽ അധികം ആകുകയോ ചെയ്യുന്ന സാഹചര്യത്തിലാണ് സാധാരണഗതിയിൽ പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് ബോർഡ് അനുവദിക്കുന്നത്. |
| (ബി) | അരൂർ, കുന്നിയങ്ങാട് സെക്ഷൻ ഓഫീസുകളുടെ കീഴിലായി എത്ര ഉപഭോക്താക്കളാണ് നിലവിലുള്ളത്; | (ബി) | അരൂർ ഇലക്ട്രിക്കൽ സെക്ഷന്റെ കീഴിൽ നിലവിൽ 22088 ഉപഭോക്താക്കളും കുത്തിയതോട് ഇലക്ട്രിക്കൽ സെക്ഷന്റെ കീഴിൽ നിലവിൽ 23952 ഉപഭോക്താക്കളും ആണുള്ളത്. |
| (സി) | ഉപഭോക്താക്കളുടെ എണ്ണവും വിപുലമായ ഏരിയയും കണക്കിലെടുത്ത് ഈ രണ്ട് സെക്ഷനുകളെ വിഭജിച്ച്, എരമല്ലൂർ കേന്ദ്രമാക്കി മൂന്നാമതൊരു സെക്ഷൻ ഓഫീസ് കൂടി തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ? | (സി) | പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് നിലവിൽ പ്രായോഗികമല്ല. |

സെക്ഷൻ ഓഫീസർ